ഉത്തരം

കേന്ദ്ര സർക്കാർ 10-6-2003-ൽ പ്രാബല്യത്തിൽ കൊണ്ടുവന്ന ഇലക്ട്രിസിറ്റി ആക്റ്റ്-03 പ്രകാരം സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ നടപ്പിലാക്കേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരും ബോർഡും പഠിച്ചുവരികയാണ്.

എന്നാൽ സാങ്കേതിക മേഖലയിൽ നവീകരണ പരിപാടിയുടെ ഭാഗമായി വൈദ്യുതി മേഖലയിൽ വരുത്തുവാൻ പോകുന്ന പരിഷ്കാരങ്ങൾ താഴെ പറയുന്നവയാണ്:

1. സെക്ഷൻ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുക.

2. ഡിസ്ട്രിബ്യൂഷൻ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനായി '3' സർക്കിളുകളിലും '7'നഗരങ്ങളിലും എ. പി. ഡി. ആർ. പി. പദ്ധതി നടപ്പിലാക്കുക. തുടർന്ന് മറ്റ് പട്ടണങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുക.

3. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനുള്ള നടപടികളുടെ ഭാഗമായി പത്താം പദ്ധതിക്കാലത്ത് '99' ഇ. എച്ച്. ടി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നൂറ്റി ഇരുപത് '33' കെ. വി. സബ്സ്റ്റേഷനുകളും 9500 കിലോമീറ്റർ 11 കെ. വി. ലൈനുകളും നിർമ്മിക്കുക, 10,000 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ഇ. എച്ച്. ടി. സബ്സ്റ്റേഷനുകളിൽ 550 എം. വി. എ. ആർ. കപ്പാസിറ്ററുകളും 80 എം. വി. എ. ആർ., എൽ. ടി. കപ്പാസിറ്ററുകളും സ്ഥാപിക്കുക, എ. പി. ഡി. ആർ. പി. പദ്ധതിപ്രകാരം പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ എല്ലാ ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

4. ശബരിഗിരി, നേര്യമംഗലം ജലവൈദ്യുത പദ്ധതികളുടെ നവീകരണവും. പുനരുദ്ധാരണവും.

5. തിരുവനന്തപുരം നഗരത്തിൽ ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ പദ്ധതി നടപ്പിലാക്കുക.

പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി

78 [5320] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ലൈനുകളിൽ നിന്നും ഗാർഹിക ഉപഭോഗത്തിന് വൈദ്യുതി ലഭ്യമാക്കുമ്പോൾ കേരളത്തിലെ ശരാശരി പ്രസരണ നഷ്ടം, ഇപ്പോൾ എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനമാണ് ഇപ്പോഴുള്ളതെന്ന് കൂടി വിശദമാക്കാമോ;

(ബി) പ്രസരണ നഷ്ടത്തോത് കുറയ്ക്കുവാൻ ഓരോ രംഗത്തും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസരണ നഷ്ടത്തിലൂടെ ഓരോ വർഷവും എത്ര കോടി രൂപയുടെ നഷ്ടമാണ് കേരളത്തിൽ ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ലൈനുകളിൽ നിന്നും ഗാർഹിക ഉപഭോഗത്തിന് വൈദ്യുതി ലഭ്യമാക്കുമ്പോൾ ശരാശരി പ്രസരണം നഷ്ടം 6.25 ശതമാനത്തോളമാണ്. ഇത് പരിശോധിക്കുവാൻ എല്ലാ തലത്തിലും മീറ്ററുകൾ സ്ഥാപിച്ച് പ്രതിമാസ റീഡിംഗ് എടുത്ത് ലഭ്യതയും വിതരണവും താരതമ്യം ചെയ്ത് നഷ്ടം കണക്കാക്കിപ്പോരുന്നു.

(ബി) പ്രസരണ നഷ്ടത്തോത് ക്രമമായി കുറച്ചുകൊണ്ടുവരാൻ പ്രസരണ ശൃംഗല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ 220 കെ. വി., 110 കെ. വി., 66 കെ. വി., സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പുതുതായി സ്ഥാപിക്കുകയും, നിലവിലുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക, എനർജി ഓഡിറ്റ് നടപ്പിലാക്കുക തുടങ്ങിയ ബൃഹത്തായ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) പത്താം പദ്ധതിയുടെ അവസാനത്തോടെ ലക്ഷ്യമിട്ടിരിക്കുന്ന 5% പ്രസരണ നഷ്ടം എന്ന ലക്ഷ്യം കൈവരിച്ചാൽ 1.25%-ത്തോളം ഇപ്പോഴുള്ള നഷ്ടം കുറയ്ക്കാൻ കഴിയും. ഈ ഇനത്തിൽ നഷ്ടപ്പെടുന്ന ഏകദേശം 147.9 ദശലക്ഷം യൂണിറ്റിന് ഏകദേശം പ്രതിവർഷം 51.76 കോടി രൂപ നഷ്ടം ഉണ്ടാകുന്നുണ്ട്.

വൈദ്യുതി ബോർഡിന്റെ നഷ്ടം സംബന്ധിച്ച വ്യത്യസ്ത കണക്ക്

79 [5322] ശ്രീ. എ. സുജനപാൽ:
,, ജോർജ് ജെ. മാത്യു:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എൻ. ശക്തൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നഷ്ടം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനും സംസ്ഥാന പ്ലാനിംഗ് ബോർഡിനും വൈദ്യുതി ബോർഡ് വ്യത്യസ്തമായ കണക്ക് നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്ലാനിംഗ് ബോർഡിനും ഗവൺമെന്റിനും നൽകിയ കണക്ക് അനുസരിച്ച് നഷ്ടം എത്ര വീതമായിരുന്നുവെന്ന് പറയുമോ;

(സി) ഇപ്രകാരം സംഭവിക്കാനുള്ള കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly